നോവൽ -7

# അരുവിക്കാട്ടിലെ പഞ്ചവർണക്കിളികൾ

• ഷബ്ന പൊന്നാട്



## കാട്ടുപൂവ്

അന്ന് രാത്രിയിൽ ചുകൻ ചെമ്പോത്തിന് ഉറക്കം വന്നില്ല. ഷബോനിയെ തൊട്ടരികിൽ കിട്ടിയിട്ടും വകവരുത്താനാവാത്തതിന്റെ ദേഷ്യം അവനടക്കാനായില്ല. ചുകൻ കൊക്കുകൊണ്ട് കൂട് കുത്തിയിളക്കി. ആ പങ്കനാണ് ഇതിനെല്ലാം കാരണക്കാരൻ. ചുകൻ അരിശത്തോടെ പങ്കൻ കഴുകന്റെ കൂട്ടിലേക്ക് പറന്നു.

‘‘പങ്കാ.... എടാ പങ്കാ...’’ നല്ല ഉറക്കത്തിലായിരുന്ന പങ്കൻ ആ വിളികേട്ട് ഞെട്ടിയുണർന്നു.

‘‘എന്താടാ ചുകാ, നിനക്ക് ഉറക്കവുമില്ലേ?’’

‘‘എങ്ങനെ ഉറങ്ങും, എന്റെ ആജന്മശത്രുവിനെ കൈയിൽ കിട്ടിയിട്ട്... നീയാണെല്ലാം തകർത്തത്.’’

▸▸ മഴമേഘങ്ങൾ എന്നറിയപ്പെടുന്ന മേഘങ്ങൾ– നിംബോസ്ട്രാറ്റസ്

ചുകന്റെ അമർഷം കണ്ടപ്പോൾ പങ്കൻ പൊട്ടിച്ചിരിച്ചു. ''ചിരിക്കണ്ട, നിനക്കറിയില്ലേ പങ്കാ എന്റെ ദേഷ്യവും സങ്കടവും!''

''അറിയാം ചുകാ. നീ ക്ഷമയോടെ കാത്തിരിക്ക്. എല്ലാത്തിനും ഞാനൊരു വഴി കണ്ടിട്ടുണ്ട്.''

''എന്തു വഴി?'' ചുകൻ ആകാംക്ഷയോടെ ചോദിച്ചു. ''അതൊക്കെയുണ്ട്.'' പങ്കൻ ചുകന്റെ അരികിലേക്ക് നീങ്ങിയിരുന്ന് തന്റെ തന്ത്രം വിവരിച്ചുകൊടുത്തു.

എല്ലാം കേട്ടു കഴിഞ്ഞപ്പോൾ ചുകന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല.

''മതി പങ്കാ.. അതു മതി. ഇനി ഞാൻ കാത്തിരുന്നോളാം.''

ചുകൻ തന്റെ കൂട്ടിലേക്ക് തിരിച്ചു പോയി ആശ്വാസത്തോടെ കിടന്നുറങ്ങി.

ചെമ്പൻവനത്തിന്റെ അങ്ങേത്തലക്കലെ പടിഞ്ഞാറേ അതിർത്തിൽ പൊക്കാംപാറ എന്നൊരു സ്ഥലമുണ്ട്. പാറക്കൂട്ടങ്ങളും പാറയിടുക്കുകളുമാണ്. അതിനിടയിലൂടെ ഊർന്ന് മുന്നോട്ടു നീങ്ങിയാൽ ചെറിയൊരു നീർച്ചാലു കാണാം. അതിലെ വെള്ളത്തിന് ചെറിയൊരു മധുരമുണ്ടാവും. അതിനെ മറികടന്നു പോയാൽ ഒരു കാട്ടുപൊന്തക്കരികിലെത്തും. അതിനുള്ളിൽ ഉദയസൂര്യനു നേരെ തലയുയർത്തി നിൽക്കുന്നൊരു കാട്ടുചെടിയുണ്ട്. അതിൽ വിടർന്നു നിൽക്കുന്നൊരു കാട്ടുപൂവും.

നല്ല സുഗന്ധമായിരിക്കും ആ പൂവിന്. വർഷത്തിൽ ഒരു തവണ മാത്രമേ ആ കാട്ടുചെടി പൂവിടുകയുള്ളൂ. അതൊരു ഔഷധച്ചെടിയാണ്. ഏറെ നാൾ പൂ വാടാതെ നിൽക്കും. അതിന്റെ സുഗന്ധം മനസ്സിനും ശരീരത്തിനും പ്രത്യേകമൊരു ഉണർവും ഉൻമേഷവും നൽകും.

ആ കാട്ടുപൂവ് പറിച്ചു കൊണ്ടു വരണം. അതാണ് രണ്ടാമത്തെ പരീക്ഷണം. ചെമ്പൻ വനത്തിനുള്ളിലൂടെ അവിടെയെത്തി പൂവ് പറിച്ചുകൊണ്ടുവരുന്നത് കുറച്ചു പ്രയാസമുള്ള കാര്യമാണ്. അതിനുള്ള വഴികളൊക്കെ തനിയെ കണ്ടെത്തണം.

അജിബന് തന്റെ മകനിലുള്ള കഴിവിൽ വിശ്വാസമുണ്ടായിരുന്നു.

അന്നത്തെ ആ ഉദയത്തിലാണ് കാട്ടുപൂവ് പുഷ്പിക്കുന്നത്. അച്ഛനും അമ്മയും അരുവിക്കാട്ടിലുള്ളവരുമെല്ലാം അത്തിമരച്ചുവട്ടിൽ അണിനിരന്ന് വിജയാശംസകൾ ചൊല്ലി ഷബോനിയെ യാത്രയാക്കി.

*(തുടരും)*

## ജനിക്കും മുമ്പേ കരച്ചിൽ

മുട്ട വിരിഞ്ഞ് പുറത്തുവരും മുമ്പേ അകത്തു കിടന്ന് ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്ന ഒരൊറ്റ ജീവിയേയുള്ളൂ. 'നൈൽ ക്രോക്കഡൈൽ' എന്ന ഇനത്തിൽപ്പെട്ട മുതല. തള്ളമുതല മുട്ടകൾ മണലിൽ കുഴിച്ചിടുകയാണ് ചെയ്യുക. കുറച്ചുമാസം കഴിഞ്ഞാൽ അവക്കുള്ളിൽനിന്നും ഒരു ശബ്ദം കേട്ടുതുടങ്ങും. മുട്ടകൾ മാന്തി പുറത്തെടുക്കാറായി എന്ന് അമ്മയെ അറിയിക്കാനാണത്.



▸▸ നെഹ്റുവിന്റെ അലഹബാദിലെ കുടുംബവീടിന്റെ പേര്- ആനന്ദഭവനം